"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

പിന്നാക്ക വിഭാഗ വികസനം- 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഓഫീസ് ഓട്ടോമേഷനും ഉപകരണങ്ങളും എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പിന്നാക്ക വിഭാഗ വികസന (എ)വകുപ്പ്**

**സ.ഉ.(സാധാ) നം.54/2019/പി.വി.വി.വ** തീയതി,തിരുവനന്തപുരം, 19/06/2019

---

പരാമർശം:- 1 പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 24/05/2019-ലെ ബിസിഡിഐആർ/എ2/71/2019 നമ്പർ കത്ത്

2 സ.ഉ (പി))നം.102/2017/ധന. തീയതി 07.08.2017

## ഉത്തരവ്

പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ഓഫീസ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുക , പദ്ധതികൾ ഓൺലൈൻ മുഖേന ആക്കുന്നതിന് പുതിയ സോഫ്റ്റ്‌വെയർ , ഹാർഡ്‌വെയർ എന്നിവ ലഭ്യമാക്കൽ , ഓഫീസ് ആവശ്യങ്ങൾക്കായി വാഹനം ലഭ്യമാക്കുക , വകുപ്പിലെ ജീവനക്കാർക്ക് ദേശീയ തലത്തിൽ ഔദ്യോഗിക പരിശീലന പരിപാടികൾ സംഘടിപ്പിക്കുക , പ്രാദേശിക ഓഫീസുകളിലും ഡയറക്ടറേറ്റിലും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക തുടങ്ങിയ ആവശ്യങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം 2225-03-001-98 (P) ഓഫീസ് ഓട്ടോമേഷനും ഉപകരണങ്ങളും എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപ മേൽ പരാമർശിച്ച വിവിധ ഇനങ്ങളിൽ വകുപ്പ് അധ്യക്ഷന്റെ സാമ്പത്തിക അധികാര പരിധിയ്ക്ക് വിധേയമായി പ്രസ്തുത ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകണമെന്ന് പരാമർശ കത്ത് മുഖേന പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു .

സർക്കാർ ഇക്കാര്യം പരിശോധിച്ചു . നടപ്പ് സാമ്പത്തിക വർഷം 2225-03-001-98 (P) ഓഫീസ് ഓട്ടോമേഷനും ഉപകരണങ്ങളും എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപ മേൽ പരാമർശിച്ച വിവിധ ഇനങ്ങളിൽ വകുപ്പ് അധ്യക്ഷന്റെ പരാമർശ ഉത്തരവ് പ്രകാരമുള്ള സാമ്പത്തിക അധികാര പരിധിയ്ക്ക് വിധേയമായി ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാര്.പി.എന്**

**അഡീഷണല് സെക്രട്ടറി**

ഡയറക്ടർ , പിന്നാക്ക വിഭാഗ വികസന വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ് ) തിരുവനന്തപുരം

ധനകാര്യ വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ